**ഭരണഭാഷ — മാതൃഭാഷ**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം

നം. എസ്.പി (3) 709/2018/ഡിഇഎസ് തീയതി: 27/01/2018

**ക്വട്ടേഷൻ നോട്ടീസ്**

വിഷയം:- ഡിഇഎസ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ പരിശീലന ഹാളിലേക്ക് പുതിയ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം വാങ്ങുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-

സൂചന:- 26/12/2017 ലെ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിന്റെ സ.ഉ (സാധാ) നമ്പർ 772/17/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

തിരുവനന്തപുരം പി.എം.ജി, വികാസ് ഭവൻ കോംപ്ലക്സിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ ട്രെയിനിംഗ് ഹാളിലേക്ക് പുതിയ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം വിതരണം ചെയ്യുന്നതിന് മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ആയതിലേക്കുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മുദ്ര വച്ച ക്വട്ടേഷനുകൾ ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ **08/02/2018** ന് 3.00 മണിയ്ക്ക് മുമ്പായി നൽകേണ്ടതാണ്. സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ക്വട്ടേഷനുകളും 09/02/2018 ന് 11.00 am മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരിൽ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടി ആഫീസിൽ വച്ച് തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും തരത്തിൽ അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.

സ്വീകാര്യമായ ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികൾ ക്വട്ടേഷൻ നോട്ടീസിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഉപകരണങ്ങൾ ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ പറയുന്ന സ്ഥലത്തും സമയത്തും സ്വന്തം ചെലവിൽ കേടുകൂടാതെ വിതരണം ചെയ്യേണ്ടതാണ്. ക്വട്ടേഷനിൽ പറഞ്ഞ തുകയുടെ ഇൻവോയ്സ് / ബിൽ (3 പകർപ്പുകൾ) സമർപ്പിക്കേണ്ടതാണ്.

ഏതെങ്കിലും ക്വട്ടേഷനോ എല്ലാ ക്വട്ടേഷനുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഡയറക്ടർ ജനറലിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് അറിയാവുന്നതാണ്.

Ramachandran V

**ഡയറക്ടർ ജനറൽ**

ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോട്ടീസ് ബോർഡ്
ഫയൽ, കരുതൽ ഫയൽ

ജി